# ഇനിയൊരു ജന്മം വേണ്ട



## ഇനിയൊരു ജന്മം വേണ്ട

(ഒന്ന്)

അറുപതിലെത്തിയാ
ലായുഷ്ക്കാലം
അലയാതെ ജീവിച്ചു
പോകുവനായ്
വയലിന്റെ മക്കൾക്കു
പെൻഷനേകാൻ
വരുതിയുണ്ടെന്നു
പറഞ്ഞുകേട്ടു.
അയലത്തെക്കൊച്ചനേ
നീയറിഞ്ഞോ
അയിലാളർ ചൊൽവതു
നേരുതാനോ?
"വയലിൽ മെരുക്കിയെടുത്തവൾ ഞാൻ
വയലിന്റെ മോളായ് വളർന്നവൾ ഞാൻ"
പകലന്തി പാടത്തു
വേലചെയ്യും
ഇരവിൽ തളർന്നു
കിടന്നുറങ്ങും
ഒരുദിനമീവെണ്ണ
മെന്നപോലെ

ഒരുജന്മംതാണ്ടി
കടന്നിടേണം
നെടുനീളമുള്ള
നിലങ്ങളിൽ ഞാൻ

നെടുനാളുകൊണ്ടു
പണിയെടുത്തു
നെടുവീർപ്പുമുണ്ടു
കിടന്നുറങ്ങാൻ

നിലമാടമാമൊരു
വീടുമുണ്ട്
മഴയൊന്നു പെയ്താ
ലൊലിച്ചു വീഴും

മഴവെള്ളമാകുമെൻ
കണ്ണുനീരും
തിറമൊടുകാലായ്
പെറുക്കുവാനായ്

പതിവായിപ്പാടത്തു
പോയിടുംഞാൻ
എരിയും വെയിലി
ലിളം ശരീരം

കരിവാളിച്ചെന്നു
പറഞ്ഞുവേഗം
കതിർകറ്റ താഴത്തു
വച്ചു വന്നു

അരിവാളെളിയിൽ
തിരുകി വച്ച്
തലയിലെ മറാ
പ്പഴിച്ചെടുത്തെൻ

തലയിലേക്കമ്മ
    വലിച്ചു കെട്ടി
ചൊരിയുന്ന വേർപ്പി
    ന്നൊഴുക്കു കൂട്ടാൻ

കദനത്താൽ കണ്ണീർ
    പൊഴിച്ചിടുമ്പോൾ
അഭിമുഖം കാണാൻ
    മുഖമുയർത്തി

അകതാരുരുമ്മി
    യലിഞ്ഞു ചേരും
അവിടെന്റെയമ്മതൻ
    സ്നേഹവായ്പിൻ

അനുഭൂതി നക്കി
    നുണഞ്ഞിറക്കും
ഇതുപോലൊരാനന്ദ
    മെന്തുവേറെ

അനവദ്യ സംതൃപ്തി
    യേകുവാനായ്
ഇരുവർക്കും പ്ലാവില
    ക്കുമ്പിൾ കോട്ടി

ഒരു ചട്ടിക്കഞ്ഞി–
    വിളമ്പിവച്ച്
എരിവുള്ള ചമ്മന്തി
    തൊട്ടു നക്കി

ഒരുമിച്ചിരുന്നു
    കുടിച്ചിടുമ്പോൾ
അടിയിലെവറ്റെനി
    യ്ക്കേകുവാനായ്

തെളിവെള്ളാമൂറ്റി
ക്കുടിയ്ക്കുമമ്മ
തറപറ്റെച്ചന്തിയും
വച്ചിരുന്ന്

തറതോറും ഞാറു
പിഴുന്ന നേരം
ചുമലിൽപ്പിടിച്ചു
ചുവടു വയ്ക്കാൻ

ചുണ്ണ കാട്ടി നേരം
കഴിച്ചുകൂട്ടും
വയലിന്റെ മാറത്തു
ഞാറു നട്ടും

വയലമ്മ കേൾക്കാൻ
കഥ പറഞ്ഞും
തൊഴിലാളരൊന്നിച്ചു
പാടുമമ്മ

തൊഴിലിന്റെ വേഗവും
ശീലുമേറും
ചെളിയിലൊളിച്ചു
പുതഞ്ഞിരിയ്ക്കും

വലിയ വിരാലിൻ
കഴുത്തൊടിച്ചു
കരയിലേക്കമ്മ
യെറിഞ്ഞു തന്നാൽ

കരയാതെ കാവ
ലിരുന്നിടും ഞാൻ
ഒരു പിടിച്ചൂട്ടിന്റെ
വെട്ടവുമായ്

മെതിയും കഴിഞ്ഞു
പതവുമേന്തി
കുടിലിലേക്കമ്മ
മടങ്ങിടുമ്പോൾ

വഴി കാട്ടിയായി
നടന്നിടും ഞാൻ
ഇടവിട്ടുപിന്നോട്ടു
നോക്കി നോക്കി

പിടിവാശി പൂണ്ട
മുഖവുമായി
ഉടനെ പിടിത്താൾ
വറുത്തിടിച്ച്

അവലാക്കി നൽകുവാ
നാജ്ഞനൽകും
വയലിനു വേണ്ടും
ജലം ലഭിച്ചാൽ

വയറന്നുനന്നായ്
നിറഞ്ഞിരിയ്ക്കും
ഇടിവെട്ടും വർഷവും
കണ്ടുപോയാൽ

തുടികൊട്ടിപ്പൊട്ടി
ച്ചിരിച്ചീടുംഞാൻ
വയലൊന്നുവാടി
ക്കരിഞ്ഞുപോയാൽ

തളരും തനുവുമായ്
ഞാനിരിയ്ക്കും
നിറമേനിയുള്ള
വിളവുകണ്ടാൽ

നിലവിട്ടെന്നുള്ളം
തുടിച്ചെണീയ്ക്കും
വയലിന്റെ ചേറിൻ
മണം ശ്വസിച്ചാൽ

വനമുല്ലപ്പൂവിന്റെ
ഗന്ധമാകും
വയലിൽ മെരുക്കിയെടുത്തവൾ ഞാൻ
വയലിന്റെ മോളായ് വളർന്നവൾ ഞാൻ

(രണ്ട്)

അധിപനിൽനിന്നു
കല്പനവന്നതിൻ
പൊരുളറിഞ്ഞു
വിഷാദംമുഴുക്കയാൽ

അടിതകർന്നൊരു
കാവടിയെന്നപോൽ
നടുവു കൂനിനടന്നു
ചെന്നീടവേ

അവിടെയുദ്യോഗ
മേലാൾമൊഴിഞ്ഞുടൻ
വയലുകാണാത്ത
വല്ല്യമ്മയെന്നു ഞാൻ

കനകമാശിച്ചു
പോയതല്ലത്ര ഞാൻ
പുകലയെങ്കിലും
വാങ്ങി ജീവിയ്ക്കുവാൻ

വരുമൊരോണം
കഴിഞ്ഞുകൂടീടുവാൻ
ഉതകുമെന്ന
വിചാരത്തിലാണ്ടുപോയ്

പൊളി പറഞ്ഞു മടക്കി
യെൻ മാനസം
പൊറുതിമുട്ടിത്തളർന്നു
നടക്കവേ

വളരെവർഷങ്ങൾ
വാരിപ്പുണർന്നൊരാ
വയലുകണ്ടു നെ
ടുവീർപ്പുമിട്ടുടൻ

നടവരമ്പത്തെ
മാമരച്ചോട്ടിലായ്
നടുവുനീർത്തി
യിരിപ്പുറപ്പിച്ചു ഞാൻ

തണലുതന്ന
വയസ്സൻ മരത്തിന്റെ
തൊലിവരണ്ടു
വെറിച്ചതു നോക്കിയും

വിറകിനായി
മുറിയ്ക്കാതിരിയ്ക്കുവാൻ
വിവരമുള്ളവ
രാവഴിക്കുള്ളതും

ഉടലു ചുക്കിച്ചുളി
ഞ്ഞിരിയ്ക്കുന്നതിൻ
വടിവ് നോക്കിയും
വാർദ്ധക്യമാർന്നതും

പഴയരക്ത
ത്തിളപ്പിൻ പടുതിയും
പതറി നില്ക്കും
മനസ്സിലോർമ്മിയ്ക്കവേ

കളപറിച്ച കരത്തിൻ കഴിവുകൾ
കലുഷചിന്തയിൽ കല്പനം ചെയ്യവേ
ഉരവമേറും നടുവുകുനിച്ചു ഞാൻ
ഉഴവുചാലിനോടൊത്തു നടന്നതും

അറനിറഞ്ഞു കവിഞ്ഞ ചെമ്പാവിന്റെ
കതിർമണിക്കറ്റ കൊയ്തകാലങ്ങളും
ഉടുതുണിക്ക് മറുതുണിവാങ്ങുവാ
നുടലുനൊന്തുനുറുങ്ങിപ്പണിഞ്ഞതും

ഒടുവിലെന്തിനീയോർമ്മയ്ക്കുമാത്രമായ്
ഒഴുകിയെത്തുവാനുള്ളതാം ജീവിതം
കൊഴിയുവാനുള്ള കാലമായെങ്കിലും
കഴിയുവാനുള്ള മോഹമാണിപ്പൊഴും

ഇനി വരല്ലേ പുനർഭവംമണ്ണിലേ
ക്കിഴുകിവീണു പുണർന്നുമരിയ്ക്കണം
തല പുകഞ്ഞും ചുഴിഞ്ഞുമിരുന്നു ഞാൻ
ഉല പുകഞ്ഞു മെരിഞ്ഞുമിരുന്നു ഞാൻ

അറുപതിലെത്തിയാലായുഷ്ക്കാലം
അലയാതെ ജീവിച്ചു പോകുവാനായ്
വയലിന്റെ മക്കൾക്കു പെൻഷനേകും
അതുവഴിയാൾക്കാർ പറഞ്ഞുപോയി.

(മൂന്ന്)

വഴിയായ വഴിയാകെ
മുരളുന്ന ധ്വനികേട്ടു

ജനകീയ ജനനന്മ
ജലധാരയതു പോലെ

ജയഭേരിജനമെങ്ങു
മുരുവിട്ടതെതിരേറ്റു
വിനയാക്കി വഴിമുട്ടി
വലയാനുമിടയാക്കി

നിയമങ്ങളധികാര
മിവയൊന്നുമറിയാതെ
അടിയന്റെയകതാരി
ലലിയുന്നു തൊഴിലാളി

അടിതൊട്ടു മുടിയോള
മിടയേണ്ട പടയാളി
അധികാരിയവിശുദ്ധ
മവസാന വിധിയാക്കി

വകയാക്കി വരയാക്കി
മരുവുന്നതറിവാക്കി
അടിതൊട്ടു മുടിയോള
മിടയട്ടെ തൊഴിലാളി
അടിയന്റെയകതാരി
ലലിയുന്ന തൊഴിലാളി.

■ ■ ■